REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-09-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **GST പരിഷ്കരണത്തെ പിന്തുണയ്ക്കുന്ന പ്രമേയം BJP പാർലമെന്ററി പാർട്ടി ഏകകണ്ഠമായി അംഗീകരിച്ചു.**
- **ശ്രീനാരായണഗുരു സങ്കല്പത്തിനനുസരിച്ച് മുഴുവൻ മനുഷ്യരേയും ചേർത്ത് പിടിച്ചാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ഓണാവധിക്ക് ശേഷം സംസ്ഥാനത്ത് സ്കൂളുകൾ ഇന്ന് തുറക്കും.**
- **തൃശൂരിലെ ഓണാഘോഷങ്ങൾക്ക് സമാപനം കുറിച്ച് ഇന്ന് പുലികളി മഹോത്സവം.**
- **ഏഷ്യാകപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പ് ഇന്ത്യയ്ക്ക്.**
- **കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസണിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ് ചാമ്പ്യന്മാർ.**

## വാർത്തകൾ വിശദമായി

വരും തലമുറ GST പരിഷ്കരണത്തെ പിന്തുണയ്ക്കുന്ന പ്രമേയം BJP പാർലമെന്ററി പാർട്ടി ഏകകണ്ഠമായി അംഗീകരിച്ചു. ഇന്നലെ ന്യൂഡൽഹിയിൽ തുടങ്ങിയ MP മാരുടെ രണ്ട് ദിവസത്തെ ശില്പശാലയിൽ കേന്ദ്രമന്ത്രി പീയുഷ് ഗോയലാണ് പ്രമേയം അവതരിപ്പിച്ചത്. ഉറച്ചതും പൗര-സൗഹൃദവുമായ പ്രധാനമന്ത്രിയുടെ ചിന്തകളെ MPമാർ അഭിനന്ദിച്ചതായി ഗോയൽ പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്.....

പൗരകേന്ദ്രീകൃത GST പരിഷ്കരണങ്ങൾ നികുതി സംവിധാനത്തെ കൂടുതൽ ലളിതമാക്കുമെന്ന് പ്രമേയം വിലയിരുത്തി. ഭക്ഷ്യസാധനങ്ങളുടേയും മരുന്നിന്റേയും ഇലക്ട്രോണിക് സാധനങ്ങളുടേയും നികുതി കുറച്ചത് ജനങ്ങൾക്ക് ആശ്വാസമായെന്നും പ്രമേയം പറയുന്നു. നികുതി സംവിധാനത്തിലെ അപാകതകൾ പരിഹരിച്ച് സ്റ്റാർട്ടപ്പുകൾക്കും കയറ്റുമതിക്കാർക്കും ചെറുകിട സംരംഭകർക്കും ഏകീകൃത നിരക്ക് ഏർപ്പെടുത്താനായി. ജനജീവിതം സുഗമമാക്കാനും വ്യാപാരികളെ ശാക്തീകരിക്കാനും സ്വയംപര്യാപ്തതാ ലക്ഷ്യങ്ങൾ നേടിയെടുക്കാനും ലക്ഷ്യമിട്ടാണ് കേന്ദ്രനടപടിയെന്നും പ്രമേയം വ്യക്തമാക്കി. MP മാരുടെ ശില്പശാല ഇന്നും തുടരും.

✪✪✪

ബിഹാറിലെ പ്രത്യേക വോട്ടർപ്പട്ടിക പുതുക്കൽ തീരുമാനത്തിനെതിരെ സമർപ്പിച്ച ഹർജികളുടെ പരിഗണന സുപ്രീംകോടതിയിൽ ഇന്നും തുടരും. തെരഞ്ഞെടുപ്പ് കമ്മീഷൻ ജൂൺ 24നാണ് പട്ടിക പുതുക്കാൻ തീരുമാന മെടുത്തത്. RJD, AIMIM തുടങ്ങിയ പാർട്ടികളിൽ നിന്ന് ലഭിച്ച പ്രതികരണങ്ങൾ രണ്ടംഗ ഡിവിഷൻ ബെഞ്ച് വിലയിരുത്തും.

✪✪✪

ശ്രീനാരായണഗുരു സങ്കല്പത്തിനനുസരിച്ച് മുഴുവൻ മനുഷ്യരേയും ചേർത്ത് പിടിച്ചാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മാറുന്ന കാലത്ത് ശ്രീനാരായണഗുരുവിന്റെ പ്രസക്തിയും സമൂഹത്തിൽ ഗുരു നടത്തിയ ഇടപെടലുകളും ഓർമ്മിപ്പിക്കാൻ ശ്രമങ്ങൾ ശക്തമാക്കണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു. 171-ാമത് ശ്രീനാരായണഗുരു ജയന്തി മഹാസമ്മേളനം ചെമ്പഴന്തിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മനുഷ്യനും മതവും എന്താണെന്നും സമൂഹത്തിന്റെ നീതി സങ്കല്പം എങ്ങനെയായിരിക്കണമെന്നും ഗുരു ലളിത സുന്ദരമായി വിശദീകരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

പാലക്കാട് സ്മാർട്ട്സിറ്റിയുടെ വികസന സാധ്യതകൾ വിലയിരുത്തുന്ന വ്യവസായ ഉച്ചകോടി വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കഞ്ചിക്കോട് ഇൻഡസ്ട്രീസ് ഫോറമാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്. മന്ത്രിമാരായ P. രാജീവ്, MB. രാജേഷ് എന്നിവരും പരിപാടിയിൽ പങ്കെടുക്കും. വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജ് ആൻഡ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കെട്ടിടവും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

കൺസ്യൂമർ ഫെഡ് ഓണക്കാലത്ത് 187 കോടി രൂപയുടെ റെക്കോർഡ് വില്പന കൈവരിച്ചു. 1,579 ഓണച്ചന്തകളിലൂടെയും 164 ത്രിവേണി സൂപ്പർമാർക്കറ്റുകളിലൂടെയുമാണ് കൺസ്യൂമർഫെഡ് സബ്സിഡി സാധനങ്ങളും മറ്റ് ഉത്പന്നങ്ങളും വിറ്റഴിച്ചത്. കേരളത്തിലെ വിലക്കയറ്റം പിടിച്ചുനിർത്താൻ കൺസ്യൂമർ ഫെഡ് ഓണച്ചന്തകൾക്ക് കഴിഞ്ഞെന്ന് ചെയർമാൻ PM ഇസ്മയിൽ പറഞ്ഞു. മുൻ വർഷത്തേക്കാൾ 62 കോടി രൂപയുടെ അധിക വില്പനയാണ് കൺസ്യൂമർഫെഡിന് നേടാനായത്.

✪✪✪

സംസ്ഥാനത്ത് ഓണാവധിക്ക് ശേഷം സ്കൂളുകൾ ഇന്ന് തുറക്കും. പാദവാർഷിക പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചശേഷം 30 ശതമാനം മാർക്ക് ലഭിക്കാത്തവർക്ക് പഠന പിന്തുണ നൽകും. ഇതു സംബന്ധിച്ച് മാർഗ നിർദേശങ്ങൾ വ്യക്തമാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചു. സ്കൂൾതല വിശകലന യോഗം ചേരണമെന്ന് സർക്കുലറിൽ പറയുന്നു.

✪✪✪

അടുത്ത വർഷത്തെ ഓണസമ്മാനമായി കോഴിക്കോടിനെ കനാൽ സിറ്റിയാക്കുന്ന പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. സംസ്ഥാന ഗവൺമെന്റിന്റെ ഓണം വാരാഘോഷം മാവേലിക്കസ് 2025 സമാപന സമ്മേളനം കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് സീസൺ നാലിന്റെ മാധ്യമ അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്തു. ശ്രാവ്യ മാധ്യമ വിഭാഗത്തിൽ കോഴിക്കോട് ആകാശവാണി ന്യൂസാണ് അവാർഡിന് അർഹമായത്.

✪✪✪

ചെങ്കടലിലൂടെ കടന്നുപോകുന്ന ഇന്റർനെറ്റ് കേബിളുകൾ തകരാറിലായതിനെത്തുടർന്ന് ഇന്ത്യയിലും ദക്ഷിണേഷ്യയിലെ ഏതാനും രാജ്യങ്ങളിലും ഇന്റർനെറ്റ് സേവനങ്ങൾ തടസ്സപ്പെട്ടു. ഇന്ത്യയിൽ കാര്യമായ തടസ്സങ്ങൾ നേരിട്ടില്ലെന്ന് ഇന്റർനെറ്റ് സേവന ദാതാക്കൾ അറിയിച്ചു.

✪✪✪

തൃശൂരിലെ ഓണാഘോഷങ്ങൾക്ക് സമാപനം കുറിച്ച് ഇന്ന് നഗരത്തിൽ പുലികളി മഹോത്സവം. ഒമ്പത് ദേശക്കാരുടെ 450-ലേറെ പുലികളാണ് ഉച്ച കഴിഞ്ഞ് സ്വരാജ് ഗ്രൗണ്ടിലിറങ്ങുന്നത്. നഗരത്തിലും സമീപ റോഡുകളിലും ഉച്ച മുതൽ ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും.

തൃശൂർ താലൂക്ക് പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, ഗവൺമെന്റ് ഓഫീസുകൾക്കും, സഹകരണ സ്ഥാപനങ്ങൾക്കും പ്രാദേശിക അവധി നൽകിയിട്ടുണ്ട്.

✪✪✪

ഓണാഘോഷത്തിന്റെ ഭാഗമായി പത്തനംതിട്ട കോന്നിയിലെ കരിയാട്ടം ഇന്നു സമാപിക്കും. ജില്ലാതല ഓണാഘോഷ സമാപനവും ഇന്നാണ്. സമാപന സമ്മേളനം വൈകിട്ട് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. സമ്മേളനത്തിൽ പ്രഥമ കരിയാട്ടം പുരസ്കാരം എഴുത്തുകാരൻ ബെന്യാമിനു മന്ത്രി VN. വാസവൻ സമ്മാനിക്കും.

✪✪✪

കാസർകോട് ജില്ലാതല ഓണാഘോഷ പരിപാടി ചെറുവത്തൂരിൽ സമാപിച്ചു. രാജ് മോഹൻ ഉണ്ണിത്താൻ MP സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

✪✪✪

പായിപ്പാട് ജലോത്സവത്തിന്റെ ഫലപ്രഖ്യാപനം തർക്കത്തെ തുടർന്ന് മാറ്റി വെച്ചു. രണ്ട് ചുണ്ടൻ വള്ളങ്ങൾ ഒരുമിച്ച് ഫിനിഷ് ചെയ്തതാണ് തർക്കത്തിന് കാരണമായത്. നേരത്തെ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയാണ് ജലോത്സവം ഉദ്ഘാടനം ചെയ്തത്.

ആലപ്പുഴ പ്രതിനിധി R രവികുമാർ....

..........വോയ്സ്.........

✪✪✪

ഏഷ്യാ കപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പ് ഇന്ത്യക്ക്. ബീഹാറിലെ രാജ്ഗിറിൽ കൊറിയയെ ഒന്നിനെതിരെ നാല് ഗോളിനാണ് ഇന്ത്യ തോൽപ്പിച്ചത്.

വിജയത്തോടെ, 2026ലെ ഹോക്കി ലോകകപ്പിന് ഇന്ത്യ യോഗ്യത നേടി.

ഏഷ്യാ കപ്പ് പുരുഷ ഹോക്കി ടീമിന്റെ ഉജ്ജ്വല വിജയത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. നിലവിൽ ചാമ്പ്യന്മാരായ ദക്ഷിണ കൊറിയയെ തോൽപ്പിച്ചതിലൂടെ വിജയം കൂടുതൽ ഉജ്ജ്വലമായതായി മോദി സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസണിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ് ചാമ്പ്യന്മാരായി. തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഏരീസ് കൊല്ലം സെയിലേഴ്സിനെ 75 റൺസിന് തോല്പിച്ചാണ് കൊച്ചി, ജേതാക്കളായത്.

ആദ്യം ബാറ്റ് ചെയ്ത കൊച്ചി, 20 ഓവറിൽ എട്ട് വിക്കറ്റിന് 181 റൺസെടുത്തു. കൊല്ലം 16.3 ഓവറിൽ 106 റൺസിന് എല്ലാവരും പുറത്തായി.

കൊച്ചിയുടെ വിനൂപ് മനോഹരനാണ് പ്ലെയർ ഓഫ് ദി മാച്ച്. സമാപന ചടങ്ങിൽ ചാമ്പ്യൻസ് ട്രോഫിയും മുപ്പത് ലക്ഷം രൂപയുടെ ചെക്കും KCA പ്രസിഡന്റ് ജയേഷ് ജോർജ്ജും സെക്രട്ടറി വിനോദ് S കുമാറും ചേർന്ന് സമ്മാനിച്ചു.

✪✪✪

US ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസിൽ സ്പെയിനിന്റെ കാർലോസ് അൽകാരസ് കിരീടം നേടി. ന്യൂയോർക്കിൽ, ഇറ്റലിയുടെ യാനിക് സിന്നറിനെ തോൽപിച്ചാണ് അൽകാരസ്, ആറാം ഗ്രാൻസ്ലാം സ്വന്തമാക്കിയത്.

✪✪✪

വീടുകളിലെ പ്രസവവത്തിനെതിരെ മലപ്പുറം ജില്ലയിൽ ആരോഗ്യ വകുപ്പാരംഭിച്ച കാമ്പയിൻ ലക്ഷ്യത്തിലേക്ക്. ലോകാരോഗ്യ ദിനത്തിൽ ഏപ്രിൽ 7ന് ആരംഭിച്ച പ്രചാരണ-ബോധവത്കരണ പ്രവർത്തനങ്ങൾ ആറ് മാസം പിന്നിട്ടപ്പോൾ വീട്ടിലെ പ്രസവങ്ങൾ  ഗണ്യമായി കുറഞ്ഞു.

മലപ്പുറം പ്രതിനിധി M.സുരേഷ്ബാബു...

......വോയ്സ്......

✪✪✪

വിജ്ഞാന കേരളം പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ സംഘടിപ്പിക്കുന്ന മൂന്നാമത്തെ മിനി ജോബ് ഫെയർ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി  രാവിലെ ഉദ്ഘാടനം ചെയ്യും. കൃഷ്ണമേനോൻ സ്മാരക ഗവ. വനിത കോളജിലാണ് ജോബ് ഫെയർ ഒരുക്കിയിരിക്കുന്നത്.

✪✪✪

കുന്നംകുളത്ത് യൂത്ത് കോൺഗ്രസ് നേതാവിനെ പോലീസ്  മർദിച്ച സംഭവം നിയമസഭയിൽ ഉന്നയിക്കുമെന്ന് KPCC  പ്രസിഡന്റ് സണ്ണി ജോസഫ് പറഞ്ഞു. ബുധനാഴ്ച കേരളത്തിലെ മുഴുവൻ പോലീസ് സ്റ്റേഷനുകൾക്ക് മുന്നിലും കോൺഗ്രസ്  പ്രതിഷേധ സദസ്സ് സംഘടിപ്പിക്കുമെന്നും സണ്ണി ജോസഫ് അറിയിച്ചു.

✪✪✪

കേരള കോൺഗ്രസ് (ജോസഫ്) ഉന്നതാധികാര സമിതി അംഗം പ്രിൻസ് ലൂക്കോസ് നിര്യാതനായി. 51 വയസ്സായിരുന്നു. കുടുംബത്തോടൊപ്പം വേളാങ്കണ്ണിയിൽ പോയി മടങ്ങുന്നതിനിടെ പുലർച്ചെ ട്രെയിനിൽ ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം. കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പിൽ ഏറ്റുമാനൂരിലെ UDF സ്ഥാനാർത്ഥി ആയിരുന്നു.

✪✪✪

കണ്ണൂരിലെ പിണറായി - ധർമടം പഞ്ചായത്തുകളെ ബന്ധി പ്പിക്കുന്ന അണ്ടലൂർക്കടവ് പാലത്തിന് പകരം പുതിയ പാലം നിർമ്മിക്കുന്നതിന് 25 കോടി 60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. 234 മീറ്റർ നീളത്തിലും 12 മീറ്റർ വീതിയിലുമാണ് പാലം നിർമ്മിക്കുന്നത്.

✪✪✪

കണ്ണൂർ മട്ടന്നൂരിനടുത്ത് എളന്നൂരിൽ പുഴയിൽ ഒഴുക്കിൽപ്പെട്ട് കാണാതായ പെൺകുട്ടിക്കായി തിരച്ചിൽ ഇന്നും തുടരും. അഗ്നിരക്ഷാസേനയുടെ സ്കൂബാ ഡൈവിങ് ടീമാണ് ഇന്നലെ തിരച്ചിൽ നടത്തിയത്. കുറ്റ്യാടിയിലെ ഇർഫാനയാണ് ഒഴുക്കിൽപ്പെട്ടത്.

✪✪✪

*News Editor & Reader : അനിൽ ചന്ദ്രൻ*
*NRTs : അനുഷ ആത്മപ്രകാശ്, ഹബീബ് റഹ്മാൻ*
*DEO : സി കെ സുബോധ്*